# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.903 — 10.06.2019-ൽ മറുപടിയ്ക്ക്.

**വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പ്രധാനമായും ഏതൊക്കെ പ്രദേശത്താണ് വന്യജീവി ആക്രമണങ്ങൾ നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്; വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (എ) കണ്ണൂർ ജില്ലയിൽ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിലുള്ള ആദിവാസി പുനരധിവാസ മേഖല ഉൾപ്പെടുന്ന ജനവാസ കേന്ദ്രങ്ങളിലും, ഉദയഗിരി വില്ലേജിലെ ചീക്കാട്, ജയഗിരി, മഞ്ഞപ്പുല്ല്, നമ്പ്യാർമല, മാമ്പൊയിൽ, പയ്യാവൂർ വില്ലേജിലെ പയ്യാവൂർ, കാഞ്ഞിരക്കൊല്ലി, എരുവേശ്ശി വില്ലേജിലെ വഞ്ചിയം, മലപ്പട്ടം വില്ലേജിലെ മലപ്പട്ടം, രാമന്തളി വില്ലേജിലെ രാമന്തളി, ചെങ്ങളായി വില്ലേജിലെ കൊയ്യം, പാറക്കാടി, കൂവേരി വില്ലേജിലെ പടപ്പേങ്ങാട്, എരമം-കുറ്റൂർ വില്ലേജിലെ എരമം, കൊട്ടിയൂർ, കേളകം, കണിച്ചാർ, മണത്തണ, അയ്യൻ കുന്ന്, പായം, മുഴക്കുന്ന്, തില്ലങ്കേരി, കോളയാട് വില്ലേജുകളിലെ മലയോര മേഖലകൾ, കേളകം വില്ലേജിലെ കൊളപ്പ, ചെമ്പുക്കാവ്, പന്നിയോട് എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും വന്യജീവി ആക്രമണം നടന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്.<br><br>വന്യജീവി ആക്രണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് എന്തൊക്കെ നഷ്ടപരിഹാരമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരത്തിനായി ഇ-ഡിസ്ട്രിക്റ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുഖേന പരിശോധന നടത്തി നാശനഷ്ടങ്ങൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കനുസൃതമായി കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1ലക്ഷം രൂപ വരെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. കൊട്ടിയൂർ റെയിഞ്ചിൽ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 9.25 കി.മീ ദൂരം ആനമതിൽ നിർമ്മിക്കുകയും ആയതിന് തുടർച്ചയായി കരിയംകാപ്പ് മുതൽ രാമച്ചി വരെ 2.13 കി.മീ ആനമതിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 880 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനു പുറമെ 4.50 കി.മീ എലിഫന്റ് പ്രൂഫ് ട്രഞ്ചും എടുത്തിട്ടുണ്ട്.

2. വളയംചാൽ മുതൽ 11 കി.മീ നീളത്തിൽ ആനപ്രതിരോധ മതിലും ട്രഞ്ചും, സ്റ്റീൽ ഫെൻസിംഗും ചെയ്തിട്ടുണ്ട്. കാലപ്പഴക്കം കാരണം പല ഭാഗത്തും മതിലും ട്രഞ്ചും പൊളിച്ചും നികത്തിയും, ആനയും വന്യമൃഗങ്ങളും ജനവാസ മേഖലയിൽ പ്രവേശിക്കാറുണ്ട്. ഇവ പുതുക്കി പണിയുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ആറളം പുനരധിവാസ മേഖലയിൽ കാളികയം മുതൽ ഉരുട്ടിപ്പുഴ വരെ 16.5 കി.മീ നീളത്തിൽ ആന പ്രതിരോധ മതിൽ പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ടിയആർ.ഡി.എം-ന്റെ കീഴിൽ പുരോഗമിച്ചു വരുന്നുണ്ട്.

4. നിലവിൽ വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള 120 കി.മീ സൗരോർജ്ജ വേലി പ്രവർത്തന ക്ഷമമാക്കുന്നതിന് ലൈൻമാൻമാരെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കുകയും പ്രവർ ത്തനക്ഷമമല്ലാത്ത 3 3 കി.മീ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. കൊട്ടിയൂർ തളിപ്പറമ്പ് റെയിഞ്ചുകളിലായി വന്യജീവി ആക്രമണം രൂക്ഷമായ വിവിധ പ്രദേശങ്ങളിൽ പുതിയതായി 34.5 കി.മീ ദൂരം സൗരോർജ്ജവേലി ചെയ്യുന്നതിനും തളിപ്പറമ്പ് റെയിഞ്ചിൽ 9 കി.മീ ദൂരം നിലവിലുള്ള സൗരോർജ്ജ വേലി മെയിന്റനൻസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

5. ഇരിട്ടി കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന ആർ.ആർ.ടി. യൂണിറ്റ് കാട്ടാനശല്യം രൂക്ഷമായ ആറളം ഫാം മേഖലയിലെ ഓടൻതോട് ഔട്ട്പോസ്റ്റിലേക്ക് പ്രവർത്തന കേന്ദ്രം മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

6. വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശവാസികളെ ഉൾപ്പെടുത്തി ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും വന്യജീവി ആക്രണത്തിനെതിരെ ടി സമിതിയുടെ നേതൃത്വത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും വന്യജീവി ആക്രമണ വിവരം അറിയിക്കുന്നതിന് എസ്.എം.എസ് അലർട്ട് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

7. കൊട്ടിയൂർ വന്യജീവി സങ്കേതത്തിലുള്ള ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് അയക്കുന്നതിലേക്കായി ദിവസക്കൂലി വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള എലിഫന്റ് ഡ്രൈവിംഗ് ടീം രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ